**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5955** **09-07-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാര കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാര ഇനത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുള്ള തുകയിൽ കുടിശികയുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷൻ ആയി 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. വരുമാനത്തിൽ 2022-23 വർഷത്തേക്കാൾ എത്ര ശതമാനം തുക 2023-24-ൽ വർദ്ധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷം 29195.30 കോടി രൂപയും (Provisional) 2023-24 സാമ്പത്തിക വർഷം 30944.48 കോടി രൂപയും (Provisional) സംസ്ഥാനത്തിന് ജി.എസ്.ടി. നികുതി വരുമാനമായി ലഭിച്ചു.<br><br>2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനത്തിൽ 2022-23 സാമ്പത്തിക വർഷത്തെക്കാൾ 5.99% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത വർദ്ധനവ് 1749.18 കോടി രൂപയാണ് (Provisional). |

സെക്ഷൻ ഓഫീസർ